# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2401** **05.11.2019-ൽ മറുപടിയ്ക്ക്**

**<u>കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി</u>**

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, വി.പി.സജീന്ദ്രൻ<br>,, ഷാഫി പറമ്പിൽ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കിഫ്ബി നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിന് ആരംഭിച്ച പ്രവാസി ചിട്ടിയിൽ ചേരുന്നതിന് പ്രവാസികൾ താല്പര്യം പ്രകടിപ്പിക്കുന്നില്ലെന്നും ചിട്ടി പരാജയമാണെന്നുമുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കാമോ; | (എ) | പ്രവാസി ചിട്ടികൾ വിജയകരമായി മുന്നേറുന്നുണ്ട്. |
| (ബി) | പതിനായിരം രൂപയിൽ കൂടുതൽ വരിസംഖ്യ അടയ്ക്കുന്ന പ്രവാസി ചിട്ടിയിൽ ചേരുന്നവരുടെ പെൻഷൻ പ്രീമിയം കെ.എസ്.എഫ്.ഇ. അടയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 10000/- രൂപയോ അതിൽ കൂടുതലോ മാസതവണയുള്ള പ്രവാസി ചിട്ടിയിൽ ചേരുന്ന വരിക്കാരുടെ ഒരു ചിട്ടിക്ക്, പ്രവാസി വെൽഫെയർ ഫണ്ട് ബോർഡിന്റെ പെൻഷൻ പ്രീമിയം, ചിട്ടിയുടെ കാലാവധി തീരുന്നതു വരെ കെ.എസ്.എഫ്.ഇ അടയ്ക്കുന്നതാണ്. |
| (സി) | കേരളത്തിന് പുറത്ത് മറ്റ് സംസ്ഥാനങ്ങളിലുള്ളവർക്കും പ്രവാസി ചിട്ടിയിൽ ചേരുന്നതിന് സംവിധാനം ഒരുക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | പ്രവാസി ചിട്ടിയിൽ കേരളത്തിന് പുറത്തുള്ള മലയാളികൾക്കും ചേരുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രവാസി ചിട്ടിയിൽ ചേരുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഇപ്പോൾ തന്നെ ലളിതമായ നടപടിക്രമങ്ങളിലൂടെ ആണ് പ്രവാസി ചിട്ടിയുടെ രജിസ്ട്രേഷൻ. |

Reja

**സെക്ഷൻ ഓഫീസർ**